വൈദ്യുതി, ടെലിഫോൺ, സ്റ്റാഫ് കാർ എന്നിവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വോൾവോ ഹൈടെക് മിനി ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചുവരുന്നുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കാതെയും പുതിയ നിയമനങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നഷ്ടത്തിലോടുന്ന സർവ്വീസുകൾ പുനഃക്രമീകരിച്ചു വരുമാനം ലഭിക്കുന്ന രീതിയിലാക്കുന്നുണ്ട്.

(ഡി) ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

വെട്ടിക്കുറച്ച കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ

106 [3115] ശ്രീ. പി. നാരായണൻ:

,, എം. കുമാരൻ:

,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ആദ്യമാസങ്ങളിൽ കെ. എസ്. ആർ. ടി. സി.-യ്ക്ക് പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഉണ്ടായിരുന്നു;

(ബി) ഇപ്പോൾ പ്രതിദിനം എത്ര ഷെഡ്യൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഇ) അനവസരങ്ങളിൽ ട്രിപ്പുകൾ വെട്ടിക്കുറക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കുമോ?

ഉത്തരം

(എ) ശരാശരി 3827 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ ശരാശരി 3910 ഷെഡ്യൂളുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നു.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ ഓടിയിരുന്ന 156 ഷെഡ്യൂളുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ഡി) സമാന്തരമായി ഓടിച്ചിരുന്നതും കളക്ഷൻ തീരെ കുറവായിരുന്നതും നഷ്ടത്തിൽ ഓടിയിരുന്നതുമായ ഷെഡ്യൂളുകൾ മാത്രമാണ് നിർത്തൽ ചെയ്തത്.

(ഇ) ദേശസാൽകൃത മേഖലയിൽ നിർത്തൽ ചെയ്ത പല ഷെഡ്യൂളുകളിലേയും ട്രിപ്പുകൾ മറ്റു ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തി പുനഃക്രമീകരിച്ച് ഓടിക്കുന്നതിനാൽ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly